# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3471** **08.11.2019 -ലെ മറുപടിയ്ക്ക്**

**റൂസ ഉന്നതവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിലെ പ്രതിസന്ധി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. പാറക്കൽ അബ്ദുല്ല** | **ഡോ.കെ.ടി.ജലീൽ**<br>(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |

| | | | |
| --- | --- | --- | --- |
| (എ) | കേന്ദ്ര സർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാർ വക മാറ്റിയതോടെ റൂസ ഉന്നതവിദ്യാഭ്യാസ പദ്ധതി നടത്തിപ്പ് പ്രതിസന്ധിയിലാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാർ വകമാറ്റിയിട്ടില്ല. റൂസയുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും സംസ്ഥാനത്ത് സമയബന്ധിതമായി നടത്തപ്പെടുന്നുണ്ട്. |
| (ബി) | 2020 മാർച്ചിനകം പൂർത്തിയാക്കേണ്ട പദ്ധതിയുടെ ആദ്യ ഗഡുവിന്റെ അറുപത് ശതമാനം തുക കേന്ദ്രസർക്കാർ കൈമാറിയിട്ടും അതിന്റെ മൂന്നിലൊന്ന് തുകയാണ് കോളേജുകൾക്കും സർവ്വകലാശാലകൾക്കും ഇതിനകം നൽകിയതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (ബി) | റൂസ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്കും കോളേജുകൾക്കുമായി ഇതുവരെ കേന്ദ്രവിഹിതമായി ലഭിച്ചത് 84.9 കോടി രൂപയാണ്. ഇതിലെ ഫണ്ട് ലഭിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുക സംസ്ഥാനം കൈമാറിയിട്ടുണ്ട്. ഇതിൽ തന്നെ സ്വയംഭരണ കോളേജുകൾക്ക് മുഴുവൻ തുകയും കൈമാറിയിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങൾക്ക് പ്രവൃത്തി ആരംഭിക്കുന്നതിലേക്കായി Technical Sanction (TS) നൽകി പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട മുഴുവൻ തുകയും കൈമാറാനാകും. |
| (സി) | പദ്ധതി നടത്തിപ്പ് വിഷയത്തിൽ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് നാഷണൽ റൂസ മിഷൻ ഡയറക്ടർ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകുകയുണ്ടായോ; വിശദമാക്കാമോ? | (സി) | അതെ; പ്രസ്തുത കത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.